# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 692 — 11.06.2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അട്ടപ്പാടിയിൽ എത്ര പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ശിശുക്കളുടെ മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദവിവരം നൽകുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള അട്ടപ്പാടിയിലെ ശിശു മരണങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>2011 മെയ് 17- ഡിസംബർ 31 - 4<br>2012 - 13<br>2013 - 31<br>2014 - 4 |
| (ബി) ഇതിൽ പോഷകാഹാരക്കുറവു മൂലം എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ ; | (ബി) അമ്മമാരുടെ പോഷകാഹാരകുറവ് മൂലം നേരത്തെയുള്ള പ്രസവം, തൂക്കകുറവ് തുടങ്ങിയ കാരണവും ന്യൂമോണിയ, ആന്തരാവയവങ്ങളുടെ ജന്മനാലുള്ള തകരാറുകൾ, അണുബാധ എന്നിവയും ബാധിച്ചാണ് കുഞ്ഞുങ്ങൾ മരിച്ചിട്ടുള്ളത്. |
| (സി) ഇപ്രകാരം മരണപ്പെടാനുണ്ടായ കാരണങ്ങളെക്കുറിച്ച് വിശദപഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (സി) ഉണ്ട് ; എടുത്ത നടപടികൾ ചുവടെ ചേർക്കുന്നു.<br>1 വകുപ്പു തല പഠനം നടത്തി, തുടർ നടപടി കളെടുത്തു.<br>2 യൂണിസെഫ് ടീം പഠനം നടത്തി നിർദ്ദേശങ്ങൾ തന്നു. ഇവ നടപ്പാക്കി.<br>3 ന്യൂട്രീഷ്യൻ ബ്യൂറോ - ഹൈദരബാദ് പഠനം നടത്തി നിർദ്ദേശങ്ങൾ തന്നു.ഇവ നടപ്പാക്കി വരുന്നു.<br>4 കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടലിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കി വരുന്നു.<br><br>വിവിധ പഠന റിപ്പോർട്ടുകളിലെ നിർദ്ദേശമനുസരിച്ച് ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് തല പ്രവർത്തനം കാര്യക്ഷമമാക്കുകയും ഗർഭകാല പരിചരണം, അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം, ആശുപത്രി പ്രസവം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ, പോഷകാഹാര ബോധവത്ക്കരണം, കുഞ്ഞുങ്ങളുടെ പോഷണ നിലവാരവും തൂക്കവും മോണിറ്റർ |

(.....2)

ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് എൻ.ആർ.എച്ച്.എം. വഴി അധികമായി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിനെ വീതം നിയമിക്കുകയും ചെയ്തിട്ടുണ്ട്.ഗർഭിണികളെയും കുഞ്ഞുങ്ങളെയും പ്രത്യേകം ഗൃഹ സന്ദർശനം നടത്തി വേണ്ട തുടർ നടപടികൾ എടുത്തുവരുന്നു.

പി.എച്ച്.സി. കളിലും സി.എച്ച്.സി. യിലും . കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ആവശ്യമായ ഡോക്ടർമാരെയും, പാരാ മെഡിക്കൽ ജീവനക്കാരുടേയും, മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിച്ചു കൊണ്ട് ചികിത്സാ സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

അഗളി സി.എച്ച്.സി. യിലും ഷോളയൂർ, പുതൂർ പി.എച്ച്.സി. കളിലും പോഷകാഹാര കുറവുള്ള കുഞ്ഞുങ്ങളുടെ പ്രത്യേക പരിചരണത്തിനായി ന്യൂട്രീഷണൽ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പോഷണ കുറവുള്ള കുഞ്ഞുങ്ങളെ ഇവിടെ അഡ്മിറ്റ് ചെയ്ത് പ്രത്യേകമായ പോഷണവും ചികിത്സയും നടത്തി വരുന്നു .

ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലന പരിപാടികൾ നടപ്പിലാക്കുകയുണ്ടായി.

കുഞ്ഞുങ്ങളുടേയും, ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മൊബൈൽ ഫോൺ വഴി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം (ജാതക്-ജനനി സോഫ്റ്റ്‌വെയർ സംവിധാനം) നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി ഈ വർഷം അട്ടപ്പാടിയിൽ നവജാത ശിശുക്കളുടെ മരണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ